**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4488** **10-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തുന്ന സാംസ്കാരിക വൈജ്ഞാനിക പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ സാംസ്കാരിക മൂല്യത്തെ തകർക്കാതിരിക്കാൻ കേരളം ഉയർത്തിപ്പിടിക്കുന്ന സാംസ്കാരികമായ കാഴ്ചപ്പാടുകൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഗ്രന്ഥശാലാ പ്രസ്ഥാനം വഹിക്കുന്ന പങ്ക് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തിവരുന്ന സാംസ്കാരിക വൈജ്ഞാനിക പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിന്റെ സാംസ്കാരിക മുഖമാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8988 ലൈബ്രറികളിൽ കൂടി ജാതി-മത-രാഷ്ട്രീയ ഭേദമന്യേ പൊതുതാല്പര്യം മുൻനിർത്തിയുള്ള ബോധവത്ക്കരണ പരിപാടികളും പുസ്തക ചർച്ചകളും സംഘടിപ്പിച്ച് വരുന്നു. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾക്കും സ്ത്രീധനത്തിനും എതിരെ യുവജനങ്ങളേയും രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് സ്നേഹഗാഥ എന്ന പരിപാടിയും, ഭരണഘടന സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന സായാഹ്ന സദസുകളും, അമചർ നാടകകലയുടെ പുനരുജ്ജീവനത്തിനായി ജില്ലാ തലത്തിൽ ശില്പശാലകളും സംഘടിപ്പിച്ച് വരുന്നു. സാംസ്കാരിക നായകൻമാരുടേയും സാഹിത്യകാരൻമാരുടേയും ഓർമ നിലനിർത്തുന്ന അക്ഷരോദ്യാനം നിർമ്മിക്കുന്നതിനും, മലബാർ കലാപത്തിന്റെ ചരിത്ര പശ്ചാത്തലം വിശദമാക്കുന്ന 100 പരിപാടികൾ മലബാർ കലാപത്തിന്റെ 100-ാം വാർഷികത്തിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിളാ തീരത്ത് 4 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം നടത്തുന്നുണ്ട്. ലൈബ്രറികളിൽ ഓൺലൈനായി പ്രതിമാസ പരിപാടികൾ നടത്തുകയും, കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | വായനാമത്സരവും സർഗശേഷി ഉണർത്തുന്നതിനായി സർഗോത്സവവും നടത്തിവരുന്നു. കോവിഡ് കാലത്ത് വായനക്കാർക്ക് വീട്ടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുകയും തീരപ്രദേശത്തേയും ട്രൈബൽ മേഖലയിലേയും കുട്ടികൾക്ക് പഠനമുറികൾ ഗ്രന്ഥശാലകളിൽ ഒരുക്കുകയും ചെയ്യുന്നുണ്ട്. ഈ രീതിയിൽ സാംസ്കാരികമായ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന പരിപാടികളാണ് ലൈബ്രറി കൗൺസിൽ നടത്തി വരുന്നത്. |
| (സി) | സംസ്ഥാന ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഇപ്പോൾ നൽകിവരുന്ന ഗ്രാന്റിന്റെയും ലൈബ്രേറിയൻ അലവൻസിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (സി) | സംസ്ഥാന ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ലൈബ്രറികളിൽ വർഷംതോറും പ്രവർത്തനം വിലയിരുത്തി ഗ്രേഡിനനുസൃതമായാണ് ഗ്രാന്റും അലവൻസും അനുവദിക്കുന്നത്. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു. വാർഷിക ഗ്രാന്റ് : A+ ഗ്രേഡ് ലൈബ്രറി - 50,000 രൂപ A ഗ്രേഡ് ലൈബ്രറി - 32,000 രൂപ B ഗ്രേഡ് ലൈബ്രറി - 24,000 രൂപ C ഗ്രേഡ് ലൈബ്രറി - 20,000രൂപ D ഗ്രേഡ് ലൈബ്രറി - 16,000 രൂപ E ഗ്രേഡ് ലൈബ്രറി - 14,000 രൂപ F ഗ്രേഡ് ലൈബ്രറി - 12,000 രൂപ പ്രതിമാസ ലൈബ്രേറിയൻ അലവൻസ് : A+ ഗ്രേഡ് ലൈബ്രറി - 4720 രൂപ A, B, C ഗ്രേഡ് ലൈബ്രറികൾ - 4120 രൂപ D, E, F ഗ്രേഡ് ലൈബ്രറികൾ - 3820 രൂപ |
| (ഡി) | ലൈബ്രറികളുടെ ക്ലാസ്സിഫിക്കേഷനനുസൃതമായി ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് വാർഷിക ഗ്രാന്റിൽ വർദ്ധനവ് വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ലൈബ്രേറിയൻ അലവൻസിൽ 2021 ഏപ്രിൽ മുതലാണ് പ്രതിമാസം 1,000 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ